വേനൽമഴയിലുണ്ടായ കൃഷിനാശത്തിന് സഹായധനം

110 (7407) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വേനൽമഴയിൽ ഉണ്ടായ കൃഷിനാശത്തിന് വിധേയരായ കർഷകർക്ക് നൽകുന്നതിനായി എന്തു തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) വേനൽമഴയിലെ കൃഷി നാശത്തിന്റെ ധനസഹായമായി എത്ര തുകയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടു ; എന്തു തുക ലഭിച്ചു ;

(സി) ഇത്തരത്തിൽ കൃഷിനാശത്തിന് വിധേയരായ കർഷർക്ക് നൽകുവാനുള്ള സഹായധനം ഇനി എത്ര അപേക്ഷകർക്ക് കൊടുത്തുതീർക്കുവാനുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സഹായധനം ഇവർക്ക് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ റവന്യൂ വകുപ്പിന്റെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ധനസഹായം നൽകുന്നത്. വേനൽമഴയിലുണ്ടായ കൃഷിനാശത്തിന് വിധേയരായ കർഷകർക്കുവേണ്ടി പ്രത്യേകിച്ച് തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2014-15 സാമ്പത്തികവർഷം സ്റ്റേറ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ധനസഹായമായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) വേനൽമഴയിലെ കൃഷിനാശത്തിന് ധനസഹായമായി 11002.82 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. തുക ഇതുവരെ ലഭിച്ചിട്ടില്ല.

(സി) കൃഷിനാശത്തിന് വിധേയരായ 44545 അപേക്ഷകർക്ക് ഇനിയും സഹായധനം കൊടുത്തുതീർക്കുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സ്റ്റേറ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly